# പതിനാലാം കേരള നിയമസഭ
## (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1411** **06.02.2020-ൽ മറുപടിയ്ക്ക്**

**മൽസ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ്**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മൽസ്യ ത്തൊഴിലാളികൾക്ക് നടപ്പിലാക്കി വരുന്ന പുനരധിവാസ പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്താമോ; | എ) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പാക്കുന്ന തിനോടനുബന്ധിച്ചുള്ള നഷ്ടപരിഹാരവും പുനരധിവാസത്തിനുമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ വികസന ത്തിനായി 475 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴി ലാളികൾക്ക് ഈ പാക്കേജ് വഴി സർക്കാർ ഇതുവരെ എന്തെല്ലാം സഹായം ലഭ്യമാക്കി; വിശദമാക്കാമോ? | ബി) ലിയാക് റിപ്പോർട്ട് പ്രകാരം മത്സ്യബന്ധന മേഖലയിലെ പുനരധിവാസത്തിനായി 39.34 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ലിയാക് അപ്പീൽ കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ച ആനുകൂല്യങ്ങളും നാളിതുവരെ വിതരണം ചെയ്ത വിവരവും ചുവടെ ചേർക്കുന്നു.<br>1. ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിൽ 261 പേർക്ക് 12.34 കോടി രൂപ (കടൽകൂട് മത്സ്യകൃഷി ആളോഹരി വിഹിതം ഉൾപ്പെടെ) സ്ഥിരവരുമാന നഷ്ടം കണക്കാക്കി വിതരണം ചെയ്തു.<br>2. കരമടി മത്സ്യബന്ധന വിഭാഗത്തിൽ 896 പേർക്ക് 52.13 കോടി രൂപ സ്ഥിര വരുമാന നഷ്ടം വിതരണം ചെയ്തു.<br>3. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1220 മത്സ്യത്തൊഴിലാളികൾക്ക്(1996 എഞ്ചിനു കൾക്കായി) 12.48 കോടി രൂപയുടെ |

മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിന് നൽകിയിട്ടുണ്ട്

4. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ സ്ഥിര വരുമാന നഷ്ടം വിതരണം ചെയ്തു.
5. ആറ് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്
6. നാളിതുവരെ ആകെ 2621 പദ്ധതി ബാധിതർക്ക് 83.11 കോടി രൂപ നഷ്ട പരിഹാര വിതരണം ചെയ്യുകയുണ്ടായി.

ലിയാക് ശുപാർശ പ്രകാരമുള്ള ജീവനോപാധി നഷ്ടപരിഹാര തുക 39.34 കോടി രൂപയാണ്. എന്നാൽ ഇരട്ടിയിലധികം (83.11 കോടി രൂപ) നാളിതുവരെയായി നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

**അനുബന്ധം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മൽസ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കി വരുന്ന പുനരധിവാസ പാക്കേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | Abstract | Crore |
|---|---|---|
| 1 | Housing Support | 350.00 |
| 2 | Livelihood to Fishermen | 59.00 |
| 3 | Capacity building for fishermen | 0.50 |
| 4 | Fisher women empowerment programme | 39.00 |
| 5 | Education | 24.00 |
| 6 | Geriatric care to junior citizen (pakal veedu) | 2.50 |
| | **Total** | **475.00** |

തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്

വിഴിഞ്ഞം പാക്കേജിൽ 350 കോടി രൂപ വകയിരുത്തിയിരുന്നത് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തീരം നഷ്ടപ്പെടുകയാണെങ്കിൽ അത്തരക്കാരെ പുനരധിവസിപ്പിക്കാൻ ഭൂമി കണ്ടെത്തുന്നതിനായിരുന്നു. എന്നാൽ ഇതിനകം സംസ്ഥാനത്തൊട്ടാകെ തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18685 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ 2450 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ 3339 കുടുംബങ്ങൾ ഉള്ളതായിട്ടാണ് സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്. ഇവരെ പൂർണ്ണമായും സുരക്ഷിത മേഖലയിൽ 2 മുതൽ 3 സെന്റ് വരെ ഭൂമി കണ്ടെത്തിയോ കെട്ടിട സമുച്ചയം നിർമ്മിച്ചോ പുനരധിവസിപ്പിക്കുന്നതിനും തുക ഉൾപ്പെടുത്തിയി ട്ടുണ്ട് ഒരു കുടുംബത്തിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. വിഴിഞ്ഞം പദ്ധതിയുടെ പ്രഖ്യാപിത മേഖലയിൽ ഉൾപ്പെടുന്നതും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുമായ മുഴുവൻ പേരേയും ഇത്തരത്തിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയും ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട് ഇതിനുപുറമേ വനിതാ ശാക്തീകരണ പദ്ധതികളും, വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഫണ്ട് പ്രയോജനപ്പെടുത്തി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതുപോലെ തിരുവനന്തപുരത്തും നടപ്പാക്കിയിട്ടുണ്ട്. ആയതിന് വിഴിഞ്ഞം പ്രോജക്ട് മേഖലയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ വിവരങ്ങൾ**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ (RDO), തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ ലിയാക് കമ്മിറ്റിയേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ ലിയാക് അപ്പീൽ കമ്മിറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനോപാധി നഷ്ടം സംഭവിച്ചേക്കാവുന്നവരേയും അവർക്കനുവദിക്കാവുന്ന നഷ്ടപരിഹാരത്തേയും

ഉൾക്കൊള്ളിച്ച് ലിയാക് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ടി റിപ്പോർട്ടിൽ ചുവടെ ചേർത്തിട്ടുള്ള ശുപാർശകളാണ് നൽകിയിട്ടുള്ളത്.

1. പദ്ധതി പ്രദേശത്തെ ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ കരമടി തൊഴിലാളികൾ എന്നിവർക്ക് തുറമുഖ നിർമ്മാണ സമയമായ മൂന്നു വർഷക്കാലത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത കാലയളവിൽ സാമ്പത്തിക സഹായം നൽകാൻ ശുപാർശ ചെയ്തു.
2. പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണ കാലയളവായ രണ്ടു വർഷ കാലത്തേയ്ക്ക് പദ്ധതി പ്രദേശത്തെ കട്ടമരം, മോട്ടോർ ഘടിപ്പിച്ച യാനങ്ങൾ എന്നിവയുടെ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകാൻ ശുപാർശ ചെയ്തു.
3. തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മുല്ലൂർ മേഖലയിലെ ചിപ്പി/ലോബ്സ്റ്റർ തടം നഷ്ടപ്പെടുന്നതിനാൽ ടി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കടൽക്കൂട് മത്സ്യകൃഷി (sea cage farming) പരിശീലിപ്പിക്കുന്ന ഒരു പദ്ധതി Marine Products Export Development Agency (MPEDA) യുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്തു.
4. മേൽ പറഞ്ഞ സാമ്പത്തിക സഹായത്തിനായി 18.35 കോടി രൂപയും കടൽക്കൂട് മത്സ്യകൃഷിക്കായി 20 കോടി രൂപയും ഉൾപ്പെടെ 38.35 കോടി രൂപയുടെ ബഡ്ജറ്റ് മത്സ്യബന്ധന മേഖലയിലെ നഷ്ടപരിഹാര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കണക്കാക്കി ശുപാർശ ചെയ്തു.
5. പദ്ധതി പ്രദേശത്തെ റിസോർട്ടുകളിലേയും ചെറുകിട കച്ചവട സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ പുനരധിവാസ സഹായത്തിനായി 0.99 കോടി രൂപയുടെ ബഡ്ജറ്റ് കണക്കാക്കി ശുപാർശ ചെയ്തു.

ഇങ്ങനെ പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര പുനരുദ്ധാരണ പാക്കേജ് 39.34 കോടി രൂപയാണ് ശുപാർശ ചെയ്തിട്ടുള്ളത്.

ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് ലഭിച്ച അപ്പീലുകളിൽ പദ്ധതി ബാധിത പ്രദേശങ്ങളിൽ (ചൊവ്വര/മുല്ലൂർ, വിഴിഞ്ഞം സൗത്ത്, അടിമലത്തുറ) ഉൾപ്പെട്ട ചിപ്പി/ലോബ്സ്റ്റർ കരമടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ട മത്സ്യബന്ധനത്തിലേർപ്പെട്ടവരുടേയും റിസോർട്ട് തൊഴിലാളികളുടെയും അപേക്ഷകൾ ലിയാക് അപ്പീൽ കമ്മിറ്റി ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി രേഖാ പരിശോധനയും സ്ഥലപരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ അംഗീകാരത്തോടെ നഷ്ടപരിഹാരം വിതരണം ചെയ്തു വരുന്നു.

**സെക്ഷൻ ആഫീസർ**